LIBRARY ARCHIVES Kerala Legislative Assembly

സംവിധാനമാണ് മേൽപദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ ഭക്ഷ്യവകുപ്പിന്റെ കീഴിലുള്ള സപ്ലൈകോ മുഖാന്തിരം സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിപണിയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ പ്രവർത്തന രേഖയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയേതര നടത്തിപ്പിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള അപ്പെക്സ് കമ്മിറ്റി, സംസ്ഥാന ഭക്ഷ്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്പെഷ്യൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ടീം, സാങ്കേതിക വിഷയങ്ങളിൽ ശിപാർശകൾ സമർപ്പിക്കുന്നതിനായി സിവിൽ സപ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇതുകൂടാതെ പ്രോഗ്രാം ഇംപ്ലിമെന്റിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഒരു ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്. സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ സാങ്കേതിക സഹായം ടി പദ്ധതിക്ക് ലഭ്യമാണ്.

പാചകവാതക വിതരണം

179 (5264) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാചകവാതകം ബുക്ക് ചെയ്ത് രണ്ടുമാസം കഴിഞ്ഞിട്ടും ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; പാചകവാതക വിതരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പാചകവാതക വിതരണം, ഫില്ലിംഗ് എന്നീ മേഖലകളിലുണ്ടാകുന്ന തൊഴിലാളി സമരം കാരണം പാചകവാതക വിതരണത്തിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി സർക്കാർ ഇടപെടുകയും ഗ്യാസ് സിലിണ്ടറുകളുടെ വിതരണം സാധാരണ നിലയിലാക്കുവാൻ

നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. പാചകവാതക വിതരണവും നീക്കവും പാചകവാതക ഫില്ലിംഗും അനുബന്ധ പ്രവർത്തനങ്ങളും അവശ്യസർവ്വീസായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ സഹിതം വിശദമായ ശിപാർശകൾ സമർപ്പിക്കുവാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എണ്ണക്കമ്പനി അധികൃതരും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരും ഏജൻസികളിൽ പരിശോധന നടത്തി പാചകവാതക വിതരണം സുഗമമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

ഭക്ഷണവില നിയന്ത്രണ ബിൽ

180 (5265) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭക്ഷണവില നിയന്ത്രണ ബിൽ അവതരിപ്പിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ എന്തെങ്കിലും എതിർപ്പുകൾ നിലവിൽ ഉണ്ടോ ; വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

ഇല്ല. ഹോട്ടലുകളിലെ ഭക്ഷണവില നിയന്ത്രിക്കുന്നതിനായുള്ള നിയമ നിർമ്മാണത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഇതുവരെയും ആരാഞ്ഞിട്ടില്ല. കരട് ബിൽ നിലവിൽ നിയമവകുപ്പിന്റെ പരിശോധനയിലാണ്.

പുതുക്കിയ റേഷൻകാർഡുകളുടെ വിതരണം

181 (5266) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കിയ റേഷൻകാർഡുകൾ മുൻനിശ്ചയ പ്രകാരം വിതരണം ചെയ്യാൻ തടസ്സമെന്തെങ്കിലുമുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പുതിയ കാർഡുകൾ വിതരണം ചെയ്യുമ്പോൾ എ.പി.എൽ, ബി.പി.എൽ വിഭാഗങ്ങൾ ഇല്ലാതാകുമോ ; എങ്കിൽ പാവപ്പെട്ടവർക്ക് അർഹമായ ആനുകൂല്യം ലഭിക്കാൻ റേഷൻകാർഡുകൾ എങ്ങനെയാണ് ഉപകാരപ്പെടുക എന്ന കാര്യം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly